എം4/22283 '2016/ഡിപി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 15.06.2016

## സർക്കുലർ

വിഷയം : പൊതു വിദ്യാഭ്യാസം - സ്ക്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ - നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് -

ഈ അദ്ധ്യയന വർഷം ആരംഭിച്ചതിനു ശേഷം കൊല്ലം, മലപ്പുറം ജില്ലകളിലെ ചില സ്ക്കൂൾ കെട്ടിടങ്ങൾ തകർന്നു വീണ സാഹചര്യം കണക്കിലെടുത്ത് താഴെ പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ താൽപര്യപ്പെടുന്നു

1) ഡി.ഇ.ഒ, എ.ഇ.ഒ തലത്തിൽ അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്ക്കൂളുകൾക്കും കെ..ഇ.ആർ നിർദ്ദേശിച്ച പ്രകാരമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടിയിട്ടുണ്ടോയെന്ന് 18.6.2016 -നകം ഉറപ്പു വരുത്തേണ്ടതാണ്. ആദായകരമല്ലെന്ന് കാണപ്പെട്ട സ്ക്കൂളുകളുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2) ഡി.ഇ.ഒ മാരും, എ.ഇ.ഒ മാരും അവരവരുടെ അധികാര പരിധിയിലുള്ള ഹെഡ്മാസ്റ്റർമാരുടെ യോഗം അടിയന്തിരമായി വിളിച്ചു കൂട്ടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടിയിട്ടുണ്ടെങ്കിലും, പ്രസ്തുത സ്ക്കുളുകൾക്ക് എന്തെങ്കിലും സുരക്ഷ ഭിഷണി നേരിടുന്നുണ്ടോയെന്ന് വിലയിരുത്തേണ്ടതും അങ്ങിനെ ഉള്ളതായി കാണുന്ന പക്ഷം ദുരന്ത നിവാരണ നിയമ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ആയതു ക്രോഡീകരിച്ച് ജില്ലാ കളക്ടർമാർക്ക് അടിയന്തിരമായി നല്കേണ്ടതുമാണ്.

3) ഡി.ഇ.ഒ, എ.ഇ.ഒ തലത്തിൽ സ്വീകരിച്ച നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർ ക്രോഡീകരിച്ച് 25.6.2016- നു മുൻപായി വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

സമയ ബന്ധിതമായി മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയത് ഗൗരവകരമായി വീക്ഷിക്കുന്നതും വീഴ്ച വരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും ആയിരിക്കും.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.